**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - തിരുവനന്തപുരം ജില്ലയിലെ വിവിധ സ്ഥാപനങ്ങളിൽ പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്നതും പട്ടികജാതി വികസന വകുപ്പിനു കീഴിലുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ പ്രവേശനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതുമായ പട്ടികജാതി വിഭാഗത്തിലുള്ള വിദ്യാർത്ഥിനികൾക്ക് കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ തിരുവനന്തപുരം ജില്ലയിലെ പേരൂർക്കട N.C.C Nagar വർക്കിങ് വിമൻസ് ഹോസ്റ്റലിൽ താമസ സൗകര്യം ഒരുക്കുന്നതിനുള്ള പ്രൊപ്പോസലിന് ഭരണാനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.100/2024/SCSTD തീയതി,തിരുവനന്തപുരം, 26-02-2024

---

പരാമർശം:-

1. സ.ഉ.(സാധ)നം.517/2023/പജപവവിവ തീയതി 27/4/2023.
2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 3/10/2023 ലെ SCDD/7249/2022-C3-(EDN C), 24/01/2024 ലെ SCDD/7248/2022-C3-(EDN C) എന്നീ നമ്പർ കത്തുകൾ

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിൽ പൂച്ചെടിവിളയിൽ പെൺകുട്ടികൾക്കായി പ്രവർത്തിക്കുന്ന പോസ്റ്റ്മെട്രിക് ഹോസ്റ്റലിൽ, അപേക്ഷിക്കുന്ന മുഴുവൻ വിദ്യാർത്ഥിനികൾക്കും പ്രവേശനം നൽകാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ തിരുവനന്തപുരം ജില്ലയിലെ പേരൂർക്കട എൻ.സി.സി നഗറിലുള്ള വർക്കിംഗ് വിമൻസ് ഹോസ്റ്റലിൽ, പോസ്റ്റ്മെട്രിക് കോഴ്സുകൾ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്ക് താമസ സൗകര്യം അനുവദിക്കുന്നതിന് ഹൗസിംഗ് ബോർഡ് യോഗം തീരുമാനിച്ചിട്ടുണ്ടെന്നും അതിനായി ഒരു പ്രൊപ്പോസൽ കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് സമർപ്പിച്ചിട്ടുണ്ടെന്നും പരാമർശം (2) പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി.

2. ഹോസ്റ്റലിന്റെ ഒന്നാം നിലയിൽ, പ്രതിമാസം 40,000/- രൂപ വാടകയിനത്തിൽ 50 പട്ടികജാതി പെൺകുട്ടികൾക്ക് താമസസൗകര്യം നൽകുന്നതാണെന്നും, അഡ്മിഷൻ ഫീസായി ഒറ്റത്തവണ 300/-രൂപ അടയ്ക്കേണ്ടതും ഹോസ്റ്റലിന്റെ പ്രതിമാസ ചാർജ്ജുകളായ മെസ്സ് ഫീസ്, ഇലക്ട്രിസിറ്റി ചാർജ്, വാട്ടർ ചാർജ് എന്നീയിനങ്ങളിൽ ചെലവാകുന്ന തുകയ്ക്ക് ആനുപാതികമായി ഓരോ വിദ്യാർത്ഥിനിയിൽ നിന്നും ഈടാക്കുന്നതാണെന്നും ഹോസ്റ്റലിലെ മറ്റ് കിടക്കകളുടെ വാടക പുതുക്കുന്നതനുസരിച്ച് ടി വിദ്യാർത്ഥിനികളുടെ വാടകയും പുതുക്കുന്നതാണെന്നുമുള്ള വ്യവസ്ഥകളോടെ താമസ സൗകര്യം അനുവദിക്കുന്നതിനുള്ള തീരുമാനം ഹൗസിംഗ് ബോർഡ് അംഗീകരിച്ചിട്ടുള്ളതായും പരാമർശം (2) പ്രകാരം ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. ഹൗസിംഗ് ബോർഡ് സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം വാടകയിനത്തിൽ ഒരു വർഷത്തിൽ 4,80,000/- രൂപയും അഡ്മിഷൻ ഫീസായി 300 രൂപയും മെസ്സ് ഫീസ്, ഇലക്ട്രിസിറ്റി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവയ്ക്ക് 26,70,000/- രൂപയും((4000+450)*50*12) ഉൾപ്പെടെ 50 വിദ്യാർത്ഥിനികൾക്ക് താമസസൗകര്യം ഒരുക്കുന്നതിനായി ആകെ 31,50,300/- (മുപ്പത്തിയൊന്ന് ലക്ഷത്തി അൻപതിനായിരത്തി മുന്നൂറ് രൂപ മാത്രം) രൂപ ചെലവ് പ്രതീക്ഷിക്കുന്നതായും ടി തുക നടപ്പ സാമ്പത്തിക വർഷത്തെ 2225-01-277-57-34(P) എന്ന ശീർഷകത്തിൽ അവശേഷിക്കുന്ന തുകയിൽ നിന്നും കണ്ടെത്താവുന്നതാണെന്നും, പ്രൊപ്പോസൽ അംഗീകരിക്കുന്ന പക്ഷം, ടി ഹോസ്റ്റലിൽ പ്രവേശനം നൽകുന്ന വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന ഹോസ്റ്റൽ ഫീസ് അനുവദിക്കുന്നതിനുള്ള അനുമതി ഉത്തരവ് നൽകണമെന്നും പരാമർശം (2) പ്രകാരം ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2023-24 സാമ്പത്തിക വർഷം 2225-01-277-57-34(P) Assistance for Education of SC Students എന്ന ശീർഷകത്തിൽ പരാമർശം (1) പ്രകാരം 25461 ലക്ഷം രൂപയ്ക്ക് ഭരണാനുമതി ഉത്തരവ് നൽകിയിട്ടുണ്ട്. മേൽ സാഹചര്യത്തിൽ പോസ്റ്റ്മെട്രിക് കോഴ്സുകൾ പഠിക്കുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട 50 വിദ്യാർത്ഥിനികൾക്ക് കേരള സംസ്ഥാന ഹൗസിംഗ് ബോർഡിന്റെ തിരുവനന്തപുരം ജില്ലയിലെ പേരൂർക്കട N.C.C Nagar വർക്കിങ് വിമൻസ് ഹോസ്റ്റലിൽ താമസ സൗകര്യം ലഭ്യമാക്കുന്നതിനായി, 31,50,300/-രൂപ (മുപ്പത്തിയൊന്ന് ലക്ഷത്തി അൻപതിനായിരത്തി മുന്നൂറു രൂപ മാത്രം) 2225-01-277-57-34(P) Assistance for Education of SC Students എന്ന ശീർഷകത്തിൽ നിന്നും വിനിയോഗിക്കുന്നതിനും, പ്രസ്തുത ഹോസ്റ്റലിൽ പ്രവേശനം നൽകുന്ന വിദ്യാർത്ഥിനികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന ഹോസ്റ്റൽ ഫീസ് അനുവദിക്കുന്നതിനും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

5. പട്ടികജാതി വികസന വകുപ്പിലെ ജോയിന്റ് ഡയറക്ടറെ (വിദ്യാഭ്യാസം) ടി പ്രവൃത്തിയുടെ നോഡൽ ഓഫീസറായി നിയമിച്ചുകൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സ്വപ്ന.എം
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം), പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&,.എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഇ&ആർസെക്ടർ),കേരളം, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

ബഹു. പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി.എസ് - ന്.
പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് സെഷ്യൽ സെക്രട്ടറിയുടെ പി.എ യ്ക്ക്.